**കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ അയിലം കടവ് പദ്ധതി**

82 [264] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴക്കൂട്ടത്തേയും പ്രാന്തപ്രദേശങ്ങളിലേയും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി രൂപം നൽകിയ അയിലം കടവ് പദ്ധതിക്കായി ഇതുവരെ എത്ര രൂപ ചെലവഴിച്ചു; ഇനി എത്ര രൂപയുടെ പണിയാണ് ബാക്കിയുള്ളത് ;

(ബി) ഈ പദ്ധതി സംബന്ധിച്ച് അവലോകനയോഗം നടത്തിയിരുന്നോ; എങ്കിൽ എത്ര പ്രാവശ്യം;

(സി) ഈ യോഗ തീരുമാന പ്രകാരം തുടർ നടപടികൾ സ്വീകരിച്ചിരുന്നോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് സ്വീകരിച്ചില്ലെന്ന് വിശദീകരിക്കുമോ ?

*ഉത്തരം*

(എ) ഇതുവരെ 399.92 ലക്ഷം രൂപ ചെലവഴിച്ചു. ഇനി ഉദ്ദേശം 1680 ലക്ഷം രൂപയുടെ പണി ബാക്കിയുണ്ട്.

(ബി) പദ്ധതിയുടെ പുരോഗതി നാലു തവണ അവലോകനം ചെയ്തിരുന്നു.

(സി) തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ ശുദ്ധജല വിതരണ പദ്ധതി**

83 [265] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുത്തുപറമ്പ് നിയോജകമണ്ഡലത്തിലെ കുത്തുപറമ്പ് മുനിസിപ്പാലിറ്റിയിലും കോട്ടയം, പാട്യം പഞ്ചായത്തുകളിലും ശുദ്ധജലവിതരണം നടത്തുവാനുള്ള പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ ഓരോ പദ്ധതിക്കുമുള്ള അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതി എന്നത്തേക്ക് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കാമോ ?

*ഉത്തരം*

(എ) കുത്തുപറമ്പ് മുനിസിപ്പാലിറ്റിക്കുവേണ്ടിയുള്ള പദ്ധതിയുടെ മണ്ണ് പരിശോധന പൂർത്തിയായി. മൂന്ന് പദ്ധതികളുടെയും പൊതുഘടകമായ കിണറിന്റെ

LIBRARY ARCHIVES Kerala Legislative Assembly

എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കോട്ടയം, പാടൃം പദ്ധതികൾക്ക് 23-6-2005-ൽ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചു. പദ്ധതി പ്രവർത്തികൾ ആരംഭിച്ചിട്ടില്ല.

(ബി) കൂത്തുപറമ്പ് പദ്ധതിക്ക് 2467.03 ലക്ഷം രൂപയും കോട്ടയം, പാടൃം പദ്ധതികൾക്ക് 1264.00 ലക്ഷം രൂപയും

(സി) കൂത്തുപറമ്പ് പദ്ധതി 3/2007-ലും കോട്ടയം, പാടൃം പദ്ധതി 2008-ലും പൂർത്തിയാക്കാനുദ്ദേശിക്കുന്നു.

**റാന്നി മണ്ഡലത്തിലെ ശുദ്ധജലവിതരണ പദ്ധതികൾ**

84 [266] *ശ്രീ. രാജു എബ്രഹാം* : താഴെ കാണുന്ന ചോദൃങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാരൃവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി നിയോജകമണ്ഡലത്തിലെ അറയാഞ്ഞലി മണ്ണ്, കൊല്ലമുള, കുറുംപൻമൂഴി എന്നീ ശുദ്ധജലവിതരണ പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചത് ഏത് വർഷമാണ്;

(ബി) ഇവയുടെ ഓരോന്നിന്റെയും നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണ്; ഇനിയെന്ത് നടപടികളാണ് പൂർത്തീകരിക്കാനുള്ളത്;

(സി) ഓരോ പദ്ധതിക്കും എത്ര തുക വീതം അടയ്ക്കണമെന്നാണ് വൈദ്യുതി ബോർഡ് നിർദ്ദേശിച്ചത് ;

(ഡി) ഈ തുക എന്നാണ് കെ. എസ്. ഇ. ബോർഡിൽ അടച്ചിട്ടുള്ളത് ;

(ഇ) എന്തുകൊണ്ടാണ് ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ വൈകുന്നത് ;

(എഫ്) സമയബന്ധിതമായി നടപടികൾ പൂർത്തീകരിച്ച് ഈ പദ്ധതി എന്ന ത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

*ഉത്തരം*

(എ) അറയാഞ്ഞിലി മണ്ണ് പദ്ധതി 18-3-2001-ലും, കൊല്ലമുള പദ്ധതി 7-3-2001-ലും കുറുംപൻമൂഴി പദ്ധതി 27-2-2000-ലും നിർമ്മാണമാരംഭിച്ചു.

(ബി) അറയാഞ്ഞിലി മണ്ണ് പദ്ധതിയുടെ നിർമ്മാണം പൂർത്തിയായി. ബ്രിഡ്ജ് ക്രോസ് ചെയ്തിരുന്ന പൈപ്പുകൾ കാലവർഷക്കെടുതിയിൽ നഷ്ടപ്പെട്ടതിനാൽ അത് പുനഃസ്ഥാപിക്കുന്നതിനുള്ള പണികൾ നടന്നു വരുന്നു. കൊല്ലമുള പദ്ധതിയുടെ പണി പൂർത്തിയായി. വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ല. കുറുമ്പൻമൂഴി പദ്ധതിയുടെ 80% നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി.

(സി) അറയാഞ്ഞിലിമൺ പദ്ധതിക്ക് 8,59,532 രൂപയും കുറുംപൻമൂഴി പദ്ധതിക്ക് 18,07,040 രൂപയും അടയ്ക്കണമെന്ന് വൈദ്യുതി ബോർഡ് നിർദ്ദേശിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly